പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1112** **15-10-2026-ൽ മറുപടിയ്ക്ക്**

**തലശ്ശേരി പുതിയ ബസ് സ്റ്റാൻഡ്ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കാരായി രാജൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** 2023-24 വർഷത്തെ ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിരുന്ന തലശ്ശേരി നിയോജക മണ്ഡലത്തിലെ തലശ്ശേരി പുതിയ ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന്റെ ഭരണാനുമതി നാളിതുവരെ ലഭ്യമാകാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** സ്ഥലം സംബന്ധിച്ച വിവരങ്ങൾ, Detailed requirement, Contour Map എന്നിവ മുനിസിപ്പാലിറ്റിയിൽ നിന്നും ലഭ്യമാകുന്നതിന് കാലതാമസം നേരിട്ടിരുന്നു. ആയത് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട Architect സ്ഥലം സന്ദർശിക്കുകയും, കെട്ടിടത്തിന്റെ Architectural Plan തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ Architectural Plan ലഭ്യമായതിന് ശേഷം ഭരണാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിക്കുന്ന മുറയ്ക്ക്, തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**(ബി)** പ്രസ്തുത പ്രവൃത്തിക്കായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ആയതിന്റെ പൂർത്തീകരണത്തിന് ഇനി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുള്ളതെന്നും വ്യക്തമാക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**